## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 72 — 12.06.2013-ലെ മറുപടിക്ക്

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. ആർ. രാജേഷ് :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾ സ്വന്തം നിലയിൽ പ്രവേശന പരീക്ഷ നടത്തി വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ തീരുമാനിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത നീക്കത്തിനെതിരെ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ; സ്വന്തം നിലയിൽ പ്രവേശന പരീക്ഷ നടത്താൻ മാനേജ്മെന്റുകൾക്ക് അനുകൂലമായി നിയമവകുപ്പിൽ നിന്നും നിയമോപദേശം ലഭിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ ; | (എ) & (ബി)<br>കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജുമെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിലേക്കായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രത്യേക പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകിയിരുന്നു. ഈ വിഷയത്തിന്മേൽ 13.5.2013-ൽ ബഹു : സുപ്രീം കോടതിയുടെ വിധിന്യായപ്രകാരം മാനേജ് മെന്റുകൾക്ക് സ്വന്തം നിലയിൽ പ്രത്യേക പ്രവേശന പരീക്ഷ. നടത്താമോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടുകയുണ്ടായി. ഈ വർഷത്തെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് പ്രത്യേക പരീക്ഷ നടത്തുന്നതിൽ ബഹു : സുപ്രീം കോടതി തടസ്സങ്ങൾ ഉന്നയിച്ചിട്ടില്ലാത്തതിനാൽ മാനേജ്മെന്റുകൾ പ്രത്യേക പരീക്ഷ നടത്തുന്നതിൽ നിയമപരമായ തടസ്സങ്ങളൊന്നുമില്ല എന്നാണ് നിയമവകുപ്പ് നൽകിയ നിയമോപദേശം. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**(P.T.O.)**

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾക്കും കേന്ദ്ര സർക്കാർ നയത്തിനെതിരായും നടത്തുന്ന ഇത്തരം നടപടികൾ തടയാൻ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) ബഹു : സുപ്രീംകോടതിയുടെ വിധിന്യായം അനുസരിച്ച് മാനേജ്മെന്റുകൾക്ക് ഈവർഷം പ്രത്യേകം പ്രവേശന പരീക്ഷ നടത്തുന്നതിന് വിലക്കുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് പ്രത്യേക പ്രവേശന പരീക്ഷയ്ക്ക് അനുമതി നൽകിയത്.

(ഡി) പ്രസ്തുത മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ?

(ഡി) കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള 8 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2013–14 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ ഒപ്പുവച്ച കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1) 50 ശതമാനം സീറ്റുകളിൽ നീറ്റ് പ്രവേശന പരീക്ഷ പാസ്സായ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ 50 ശതമാനത്തിന്റെ 30 ശതമാനം സീറ്റുകളിൽ ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികളെയാവും പ്രവേശിപ്പിക്കുന്നത്.
2) 50 ശതമാനം സർക്കാർ മെരിറ്റ് സീറ്റിൽ നിയമാനുസരണമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുക.
3) ശേഷിക്കുന്ന 50 ശതമാനം സീറ്റുകളിൽ 35 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലും 15 ശതമാനം എൻ.ആർ.ഐ. ക്വാട്ടയിലും പ്രവേശനം നടത്താൻ മാനേജ്മെന്റിന് അനുമതി ഉണ്ടായിരിക്കുന്നതാണ്.

**(P.T.O.)**

4) 35 ശതമാനം മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലെ 15 ശതമാനം സീറ്റുകൾ പ്രിവിലേജ് സീറ്റുകൾ ആയിരിക്കും. ഈ സീറ്റുകളിലേക്കുള്ള പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മാനേജ്മെന്റുകൾ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർവ്വകലാശാലകൾ നിഷ്കർഷിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിലാണ് പ്രവേശിപ്പിക്കുന്നത്.

5) ഈ സ്ഥാപനങ്ങളിലെ ഫീസ് നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 25,000 |
| എസ്.ഇ.ബി.സി വിഭാഗം | - 25,000 |
| സർക്കാർ മെരിറ്റ് | - 1,65,000 |
| മാനേജ്മെന്റ് ക്വാട്ട | - 7,00,000 |
| (5,00,000 ലക്ഷം പലിശ രഹിത നിക്ഷേപം സഹിതം) | |
| എൻ.ആർ.ഐ. വിഭാഗം | - 10,50,000 |

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ബന്ധപ്പെട്ട കോളേജുകൾക്ക് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

15 ഭരണരഹസ്യം

No.12154/Suit III (1)/2013/Law

Law (Suit III) Department

No.2069/S3/2012/H&FWD

(32) This Department is requested to advice as to whether the orders dated 13.12.2012 and 13.05.2013 read together allow the private colleges to conduct examination this year, if they have not so far conducted the same.

(33) In the order dated 13.12.2012, while examining the question as to the applicability of the decision of the Medical Council of India to conduct the National Eligibility and Entrance Test the Honourable Supreme Court permitted to conduct the examination for MBBS, B.D.S. and Post Graduate courses subject to the rider that the results of the same shall not be declared until further orders of the court. However, as per the order dated 13.05.2013, the Honourable Supreme Court lifted the bar imposed in the order dated 13.12.2012 and allowed the results to be declared to enable the students to take advantage during the current year.

(34) It may be pointed out, at the very out set, that none of the orders referred to the above does deal with explicitly the question now posed by the Administrative Department at paragraph 7 *ante*. However, on a reading of the observations in the second order, it is discernible that the Honourable Court does not intend to interfere with the admission process during the current year in the context of the impugned notification dated 27.12.2010 issued by the Medical Council of India. It is pertinent note that the observations of the Honourable Supreme Court to the effect that the students who aspire to gain entry in the Medical Colleges at the MBBS, B.D.S. and Post Graduate Levels have been caught in the legal tangle for no fault of the theirs and are the victims of the policy decision and that it is necessary to safeguard their interests as well as the interests of the hospitals. On a consideration of the tenor of the observations of the Honourable Supreme Court in both the orders it could be

12.

No.12154/Suit III (1)/2013/Law

No.2069/S3/2012/H&FWD

Law (Suit III) Department

seen that the Honourable Court does not intend to put any prohibition in the matter of conducting examination for admission to the current year. This Department is, therefore, of the opinion that there is no legal objection in permitting the Colleges to conduct examination this year. However, as the matter is *sub judice,* it may be made clear that the permission is subject to the outcome of the pending judicial proceedings.

Prl. Secy (Health and FW)

22.05.2013
C. P. Ramaraja Prema Prasad
Law Secretary